**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4667** **29-10-2021 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിലെ തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നഗരസഭയിലും അമ്പലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികളുടെ വിതരണ പൈപ്പുകൾ തുടരെ പൊട്ടുന്നതുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പൊതുമരാമത്ത് റോഡുകളിൽ സ്ഥാപിച്ചിട്ടുളള പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്നതായി നിരന്തരപരാതി ഉണ്ടായിട്ടും ആയതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പൊതുമരാമത്ത് റോഡുകളിൽ വിതരണ ശൃംഖലയിൽ പൈപ്പ് പൊട്ടിയാൽ Right of Way (RoW) പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും, പൊതുമരാമത്ത് ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തുക അറിയിച്ചതിനു ശേഷം ഈ തുക പൊതു മരാമത്ത് വകുപ്പിൽ അടച്ച് അനുമതി ലഭിച്ചതിന് ശേഷം മാത്രമേ അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുകയുള്ളൂ. ആലപ്പുഴ നഗരസഭയിൽ അമൃത് പദ്ധതിയിൽ 317.50 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 277.50 കിലോമീറ്റർ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ നടന്നു വരുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 355 കി . മീ . പൈപ്പ് ലൈൻ മാറ്റി ഇടുന്നതിനായി ഭരണാനുമതി നൽകുകയും, ആയതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട് . പി.ഡബ്ല്യ.ഡി യിൽ നിന്നും റോഡ് കട്ടിംഗ് എസ്റ്റിമേറ്റ് ലഭിക്കുന്നതിനായി RoW യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ആയത് ലഭിക്കുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിക്കുന്നതാണ് . ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ തകഴി - കേളമംഗലം ഭാഗത്ത് HDPE പൈപ്പ് മാറ്റി MS പൈപ്പ് സ്ഥാപിക്കുന്നതിന് 1524 മീറ്റർ റോഡ് മുറിക്കുന്നതിന് RoW വഴി 06.07.2021, 15.09.2021 ലും അപേക്ഷിച്ചെങ്കിലും ഉടമസ്ഥത Kerala Road Fund Board (KRFB) ലാണ് എന്ന് പറഞ്ഞ് തിരികെ നൽകി. KRFB യുടെ ചീഫ് എഞ്ചിനീയർക്ക് 09.08.2021, 13.10.2021 എന്നീ തീയതികളിൽ റോഡ് മുറിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും |

| | | | |
|---|---|---|---|
| | | | മറുപടി ലഭിച്ചിട്ടില്ല. e-PMG പോർട്ടലിൽ 21/10/2021 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (സി) | വകുപ്പ് മന്ത്രി പങ്കെടുത്തതും ആലപ്പുഴ കളക്ടറേറ്റിൽ ചേർന്നതുമായ കുടിവെള്ളം സംബന്ധിച്ച യോഗത്തിൽ കൈക്കൊണ്ട തീരുമാനം നടപ്പാക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ; | (സി) | 16.07.2021 ൽ ആലപ്പുഴ ജില്ലാ കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ കൂടിയ അവലോകന യോഗത്തിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ - തിരുവല്ല റോഡിലെ ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ സ്ഥിരമായി പൊട്ടുന്ന പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ട സത്വരമായ ഇടപെടൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുമായി ചേർന്ന് കൈക്കൊള്ളുവാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത റോഡിന്റെ ഉടമസ്ഥത KRFB യ്ക്ക് കൈമാറി എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിനാൽ റോഡ് മുറിക്കുന്നതിന് KRFB ചീഫ് എഞ്ചിനീയർക്ക് 13.10.2021 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . E-PMG യിലും 21/10/2021 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . മഴക്കാലം കഴിഞ്ഞ് നവംബർ മാസത്തോടുകൂടി പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാനും കൂടാതെ ബദൽ സംവിധാനങ്ങൾക്കുവേണ്ട കുഴൽകിണർ നിർമ്മാണം , നിലവിലെ കുഴൽകിണറുകൾ നവീകരിക്കൽ എന്നീ പ്രവൃത്തികൾ 3 മാസത്തിനകം ഭൂജല വകുപ്പ് നേരിട്ട് കൈക്കൊള്ളണമെന്നും അതിനുവേണ്ട തുക ജല അതോറിറ്റി അടിയന്തിരമായി ഭൂജല വകുപ്പിന് കൈമാറേണ്ടതാണെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുവാനുള്ള തുക BIMS വഴി ഭൂജല വകുപ്പിന് നൽകുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. പുതിയ കുഴൽ കിണറുകൾ സ്ഥാപിക്കുന്നത് താഴെ പറയുന്ന സ്ഥലങ്ങളിലാണ് . 1. പറവൂർ ടാങ്ക് സൈറ്റ് 2. ഊക്ക കുളം ബ്ലോക്ക് പരിസരം 3. സുനാമി കോളനി പുന്നപ്ര തെക്ക് പഞ്ചായത്ത് 4. വാർഡ് നമ്പർ 6 അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് . 5. വാർഡ് നമ്പർ 14 അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 6. വാർഡ് നമ്പർ 1 പുറക്കാട് പഞ്ചായത്ത് കൂടാതെ താഴെ പറയുന്ന നിലവിലുള്ള കുഴൽ കിണറുകളുടെ ശേഷി വർദ്ധിപ്പിയ്ക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. 1. വാർഡ് നമ്പർ 14 അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് 2. കറുകത്തറ ട്യൂബ് വെൽ അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് 3. വണ്ടാനം അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 4. പഴയങ്ങാടി പുറക്കാട് പഞ്ചായത്ത് മേൽ കുഴൽ കിണറുകളുടെ ശേഷി വർദ്ധിപ്പിച്ചാൽ മാത്രം പുതിയ പമ്പുകൾ ആവശ്യമായി വരും. |
| | | | |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത യോഗ തീരുമാനമനുസരിച്ച് അമ്പലപ്പുഴ മണ്ഡലത്തിൽ പുതിയ കുഴൽകിണറുകൾ സ്ഥാപിക്കുന്നതിനും കേടായതും ശേഷികുറഞ്ഞവയുമായ മോട്ടോറുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും സ്വീകരിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭൂജല വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുവാനും നിലവിലുള്ളവ നവീകരിക്കുവാനുമുള്ള തുക BIMS വഴി ഭൂജല വകുപ്പിന് നൽകുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. ഈ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് കേടായതും ശേഷികുറഞ്ഞതുമായ മോട്ടോറുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ